**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **21-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ പരിസരത്തെ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ കുട്ടിയിട്ടിരിക്കുന്ന പിടിച്ചെടുക്കപ്പെട്ടതും കേസുകളിൽ പെട്ടതുമായ വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എ) | (എ)പോലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ സമയബന്ധിതമായി ഡിസ്പോസൽ ചെയ്യുന്നതിന്, ക്രിമിനൽ നടപടി ക്രമം 451 മുതൽ 457 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും , 11.09.2018 -ലെ സ ഉ (പി) നമ്പർ 60/2018/ആഭ്യന്തരം പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിലും പരിസരങ്ങളിലുമായി പോലിസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളിന്മേൽ തീർപ്പ് കൽപ്പിച്ച് ഇ-ലേലം നടത്തി നിക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പോലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള അവകാശികളില്ലാത്തതും, സ്ക്രാപ്പ് ഗണത്തിൻപ്പെട്ടതുമായ വാഹനങ്ങൾ MSTC e-commerce വെബ് പോർട്ടലിലൂടെ ഇ-ലേലം ചെയ്ത് വരുന്നു. കുറ്റകൃത്യങ്ങളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത വാഹനങ്ങളിൽ ഉടമസ്ഥന് വിട്ടുകൊടുക്കാൻ കഴിയുന്ന വാഹനങ്ങൾ ആവശ്യമായ സമയത്ത് ഹാജരാക്കുന്നതിനുള്ള നിർദ്ദേശം നൽകി നിയമാനുസരണം വിട്ടുകൊടുക്കുകയും കേസ്സുകളിൽ തെളിവിലേക്ക് അവിഭാജ്യഘടകമായ വാഹനങ്ങൾ കോടതിയിൽ ഹാജരാക്കുകയും തുടർന്ന് കോടതി നിർദേശപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലുകളായ വാഹനങ്ങളിന്മേലുള്ള തീർപ്പാക്കൽ സംബന്ധിച്ച് പോലീസ് ആസ്ഥാനത്തെ സർക്കുലർ നമ്പർ 23/2013 പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം വാഹനങ്ങൾ ലേലം ചെയ്തോ ഉടമസ്ഥർക്ക് തിരികെ നൽകിയോ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | **(ബി) ക്രൈം കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ അത്യാവശ്യ ഘട്ടത്തിൽ വാഹനങ്ങളുടെ ഫോട്ടോ എടുത്ത് മഹസറിനോടൊപ്പം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിക്കുകയും,തുടർന്ന് ഉടമയ്ക്ക് വാഹനം രേഖാമൂലം തിരികെ നൽകുകയും ചെയ്ത് വരുന്നു. അല്ലാത്ത സാഹചര്യത്തിൽ കോടതിയിൽ ഹാജരാക്കുകയാണെങ്കിൽ ക്രിമനൽ നടപടി ക്രമ പ്രകാരം നിയമപരമായി കൈവശക്കാരന് വാഹനം തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ട് സ്റ്റേഷനിൽ കൊണ്ട് വന്ന് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ രജിസ്റ്റേർഡ് ഉടമസ്ഥർക്ക് നോട്ടീസ് അയച്ച് വാഹനം എടുത്തുകൊണ്ടു പോകുന്നതിന് ആവശ്യപ്പെടുന്നതും, ഉടമസ്ഥർ ടി വാഹനങ്ങൾ തിരികെ എടുക്കുവാൻ വരാത്ത സാഹചര്യത്തിൽ ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് ഒഴിവാക്കുകയും ചെയ്തുവരുന്നു.കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കോടതിയുടെ അനുമതിയോടുകൂടി വിട്ടു നൽകുകയും, അല്ലാത്തവ കോടതിയുടെ അനുമതിയോടെ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിട്ടു നൽകുവാൻ തടസ്സമുള്ള വാഹനങ്ങൾ സ്റ്റേഷൻ പരിധിയിൽ തന്നെ സൂക്ഷിച്ചുവരുന്നു.** |
| (സി) | പിടിച്ചെടുത്ത വാഹനങ്ങളുടെ വീഡിയോയും ഫോട്ടോയും എടുത്തശേഷം ഉടമസ്ഥർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | **(സി)ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ കോടതിയുടെ അനുമതിയോടെയും ഉടമയുടെ ബോണ്ടിന്മേലും ഉടമസ്ഥർക്ക് വിട്ടുനൽകി വരുന്നുണ്ട്** |
| (ഡി) | ഇത്തരത്തിൽ എത്ര വാഹനങ്ങൾ ഓരോ പോലീസ് സ്റ്റേഷൻ പരിസരത്തും കെട്ടിക്കിടക്കുന്നു എന്നറിയിക്കാമോ? | (ഡി) | **(ഡി) സംസ്ഥാനത്ത് നിലവിൽ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന പിടിച്ചെടുക്കപ്പെട്ടതും, കേസുകളിൽ പെട്ടതുമായ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം**<br><br>**അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല/യൂണിറ്റ് | എണ്ണം |
|---|---|
| Tvm City | 1652 |
| Tvm Rural | 1802 |
| Kollam City | 1706 |
| Kollam Rural | 1324 |
| Pathanamthitta | 908 |
| Alappuzha | 1277 |
| Kottayam | 1927 |
| Idukky | 817 |
| Ernakulam City | 870 |
| Ernakulam Rural | 1364 |
| Thrissur City | 2184 |
| Thrissur Rural | 1359 |
| Palakkad | 2496 |
| Malappuram | 2445 |
| Kozhikode City | 2072 |
| Kozhikode Rural | 765 |
| Wayanad | 509 |
| Kannur City | 818 |
| Kannur Rural | 473 |
| Kasaragod | 1789 |
| Railways | 9 |